# Influence of Culture on Mobility

## സംസ്കാരവും സഞ്ചാര സ്വാതന്ത്ര്യവും

വിവിധങ്ങളായ സംസ്കാരങ്ങളുടെയും, ഭാഷകളുടെയും ആചാര അനുഷ്ഠാനങ്ങളുടെയും സംഗമമാണ് ഇന്ത്യ. വളരെ കാലം മുതൽ നില നിൽക്കുന്ന ജാതിവ്യവസ്ഥകളും, സവർണ്ണരും അവർണ്ണരും തമ്മിലുള്ള വേർതിരിവും, സാമൂഹ്യ സാമ്പത്തിക വ്യത്യസ്തകളും, ജാതിമത, വർണ്ണ വിവേചനങ്ങളുമെല്ലാം നമ്മുടെ സ്ത്രീ സമൂഹത്തിന്റെ സഞ്ചാര സ്വാത ന്ത്ര്യത്തെ സ്വാധീനിച്ചിട്ടുണ്ട്.

നമ്മുടെ സമൂഹത്തിൽ നിലനിൽക്കുന്ന സ്ത്രീപക്ഷ കാഴ്ചപ്പാടിലെ വൈരുദ്ധ്യങ്ങളും, സ്വാതന്ത്ര്യത്തെ ഹനിക്കുന്ന എഴുതപ്പെടാത്ത നിയമ ങ്ങളും, കുടുംബ – സാമൂഹ്യ ചിന്താഗതികളും സ്ത്രീകളുടെ സഞ്ചാര സ്വാതന്ത്ര്യത്തെ ഒരു പ്രത്യേക ചട്ടക്കൂട്ടിൽ ഒതുക്കിയിരിക്കുകയാണ്. അതു കൊണ്ട് തന്നെ സാമൂഹ്യ- സാമ്പത്തിക–രാഷ്ട്രീയ –സാംസ്കാരിക പൊതുമണ്ഡലങ്ങളിൽ ഇറങ്ങി പ്രവർത്തിക്കാനുള്ള സ്ത്രീകളുടെ താൽപ ര്യവും, കഴിവും വേണ്ട വിധം ഉപയോഗപ്പെടുത്താൻ കഴിയുന്നില്ല. ഈ കാരണത്താൽ തന്നെ സ്ത്രീകൾ ചില പ്രത്യേക ജോലി, ജോലി സ്ഥലം, സ്ഥാപനം, ഇടങ്ങൾ തിരഞ്ഞെടുക്കാൻ നിർബന്ധിതരാകുന്നു. അതാത് പ്രദേശത്തെ സാമൂഹ്യ ചുറ്റുപാടിലും, സംസ്കാര ചട്ടക്കൂട്ടിലും മാത്രം പ്രവർത്തിക്കാൻ കഴിയുന്നതിനാൽ സഞ്ചാരസ്വാതന്ത്ര്യവും, സാമ്പത്തിക– സാമൂഹ്യ സ്വാതന്ത്ര്യവും പലപ്പോഴും ഹനിക്കപ്പെടുന്നു.

സാംസ്കാരിക, കലാമണ്ഡലങ്ങളിലും വസ്ത്രധാരണത്തിൽ പോലും ചലനാത്മകത ബന്ധപ്പെട്ടിരിക്കുന്നു. സാഹിത്യ കലാമേഖലകളിൽ പുരുഷ മേൽക്കോയ്മ ദൃശ്യമാണ്. സ്ത്രീകൾക്ക് കഴിവില്ലായ്മയല്ല, മറിച്ച് കഴിവുകൾ പ്രകടിപ്പിക്കാനുള്ള ഇടങ്ങൾ പരിമിതപ്പെട്ടിരിക്കുന്നു. അല്ലെ

ങ്കിൽ സമൂഹത്തിൽ നിലനിൽക്കുന്ന വിലക്കുകൾ പ്രതികൂലമായി സ്വാധീനിക്കുന്നു.

കേരളത്തിൽ അനേകം ആദിവാസി നാടൻകലകൾ ഉണ്ട്. ഉദാഹരണമായി കുമ്മാട്ടിക്കളി, കണ്ണിയാർകളി, തെയ്യം, പടയണി തുടങ്ങിയവയും മുസ്ലിം കലാരൂപമായ ഒപ്പനയും, ക്രിസ്ത്യൻ കലാരൂപമായ മാർഗ്ഗംകളിയിലുമെല്ലാം സ്ത്രീ പുരുഷ പങ്കാളിത്ത വ്യത്യസ്തകൾ കാണാം. ആദിവാസികൾ, പിന്നോക്കവിഭാഗക്കാർ, ഈഴവർ തുടങ്ങിയവരൊക്കെ ഇപ്പോഴും സമൂഹത്തിൽ തഴയപ്പെടുന്ന രണ്ടാംകിട പൗരൻമാരായാണ് കാണുന്നത്. അതുകൊണ്ട് തന്നെ പലവിധ 'അരുതുകൾ' ചിലയിടങ്ങളിലെങ്കിലും ഇപ്പോഴും നിലനിൽക്കുന്നു.

പർദ്ദ/ബുർക്ക വസ്ത്രധാരണ രീതി, മുസ്ലിം സമുദായത്തിലെ സ്ത്രീകളിൽ പ്രത്യേകിച്ച് അഫ്ഗാനിസ്ഥാൻ, പാക്കിസ്ഥാൻ, ഉത്തരകേരളത്തിലും ഇപ്പോഴും നിലനിൽക്കുന്നു. ഇതു തന്നെ അവരുടെ സാമൂഹിക, സാമ്പത്തിക, വ്യക്തിപരമായ പ്രവർത്തന സഞ്ചാര സ്വാതന്ത്ര്യത്തെ തടസ്സപ്പെടുത്തുന്നു. അനുദിന കൃത്യനിർവ്വഹണത്തെ മാത്രമല്ല സാമൂഹ്യ കൂട്ടായ്മയിലുള്ള ഇടപെടലുകളും, സൗകര്യപ്രദമായി വോട്ടു ചെയ്യാനുള്ള സഞ്ചാര സ്വാതന്ത്ര്യത്തെ പോലും ഒരു പരിധി വരെ ഹനിക്കുന്നു.

ഈ കാര്യങ്ങളൊക്കെ തന്നെ സ്ത്രീ സമൂഹത്തിന് ജാതി, മത, വർഗ്ഗ, വർണ്ണ വ്യത്യാസങ്ങളില്ലാതെ സാംസ്കാരിക പൊതു ഇടങ്ങളിൽ പ്രാപ്യത, വിലക്കുകൾ എത്രമാത്രമുണ്ട് എന്നും സർവ്വോത്മകമായ ചലനാത്മകയ്ക്കുള്ള പ്രാപ്യതയും തുല്യതയും ഉണ്ടാകാൻ എല്ലാവരും കൈകോർത്തുള്ള കൂട്ടായ മുന്നേറ്റം ആവശ്യമാണ്.